# കേരള ഭൂമി സംരക്ഷണ ചട്ടങ്ങൾ, 1958

## (The Kerala Land Conservancy Rules, 1958)

1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിലെ 13-ാം വകുപ്പു പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരളാ ഗവൺമെന്റ് ഇതിനാൽ താഴെപ്പറയുന്ന ചട്ടങ്ങൾക്ക് രൂപം നൽകിയിരിക്കുന്നു. മേൽപ്പറഞ്ഞ വകുപ്പിന്റെ ആവശ്യപ്രകാരം ഇത് മുമ്പ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്.

### ചട്ടങ്ങൾ

1. (a) ഈ ചട്ടങ്ങൾക്ക് കേരള ഭൂസംരക്ഷണ ചട്ടങ്ങൾ എന്നു പേർ പറയാവുന്നതാണ്.

(b) ഇതിന് കേരളസംസ്ഥാനം മുഴുവൻ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

2. ഇവ ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതാണ്.

3. **നിർവ്വചനങ്ങൾ (Definitions).**— ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(a) *"ആക്റ്റ്"* എന്നാൽ 1957-ലെ കേരള ഭൂ സംരക്ഷണ ആക്റ്റ് എന്നർത്ഥമാകുന്നു.

(b) *"കളക്ടർ"* എന്നാൽ ഈ ആക്റ്റ്പ്രകാരം കളക്ടറുടെ എല്ലാമോ ഏതെങ്കിലുമോ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് ഈ ആക്റ്റിലെ 15-ാം വകുപ്പുപ്രകാരം അധികാരപ്പെടുത്തിയിരിക്കുന്ന യാതൊരു ഓഫീസറും ഉൾപ്പെടുന്നതുമാകുന്നു.

(c) *"വില്ലേജ് ഓഫിസർ"* എന്നാൽ വില്ലേജ് അസിസ്റ്റന്റും കൂടി ഉൾപ്പെടുന്നു.

4. (i) 3-ഉം 4-ഉം വകുപ്പുകളിൽ പറഞ്ഞിട്ടുള്ള ഗവൺമെന്റിന്റെ വസ്തു, പുറംമ്പോക്ക് എന്നീ നിർവ്വചനങ്ങളിൽപ്പെടുന്ന വസ്തുക്കളിൽ നിയമവിരുദ്ധ കൈയ്യേറ്റം തടയുക എന്നത് റവന്യൂ വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥന്മാരുടെയും പ്രാഥമിക ചുമതലയാണ്.

(ii) പുറമ്പോക്കുകളിലും പുറമ്പോക്കുകളല്ലാതെയുള്ള ഗവൺമെന്റു ഭൂമികളിലും നടത്തിയിട്ടുള്ള എല്ലാ കൈയ്യേറ്റങ്ങളെ സംബന്ധിച്ചും വില്ലേജ് ഓഫീസർമാർ കൃത്യമായ ഒരു റിപ്പോർട്ട് ഈ ചട്ടങ്ങൾക്ക് അനുബന്ധമായി നൽകിയിട്ടുള്ള ഫോറം A-യിൽ കളക്ടർക്ക് നൽകേണ്ടതാണ്. റിപ്പോർട്ടിനോടൊപ്പം നിർദ്ദിഷ്ട സ്കെയിലിൽ തയ്യാറാക്കിയ സ്ഥലത്തിന്റെ പ്ലോട്ട് ചെയ്ത സ്കെച്ച്, കൈയ്യേറ്റം നടത്തിയിട്ട് എത്രകാലമായി, അയാൾ ആ ഭൂമിയിൽ നടത്തിയിട്ടുള്ള ദേഹണ്ഡങ്ങളുടെ സ്വഭാവം, അതിന്റെ മൂല്യം, സമീപത്തുള്ള ഭൂമിയുമായി ബന്ധപ്പെട്ട് വസ്തുവിന്റെ കിടപ്പ് എന്നിവ ഉൾപ്പെടെ കൈയ്യേറ്റം നടത്തിയിട്ടുള്ള ഭൂമിയുടെ മുഴുവൻ വിവരങ്ങളും അടങ്ങിയ വിശദമായ ഒരു മഹസ്സർ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

*വിശദീകരണം.*— ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്ക് അനുമതി കൂടാതെ മേൽപ്പറഞ്ഞ ഏതെങ്കിലും സ്ഥലത്തോ അതിനു മുകളിലോ നടത്തുന്ന ഏതെങ്കിലും നിർമ്മാണ പ്രവർത്തനം അത് ഏതെങ്കിലും ചുമരിന്റെയോ വേലിയുടെയോ കെട്ടിടത്തിന്റെയോ സ്ഥാപനമോ അല്ലെങ്കിൽ പുറത്തേക്ക് തള്ളിനിൽക്കുന്ന എടുപ്പുകളുടെയോ തള്ളി നിൽപ്പുകളുടെ നിർമ്മാണമോ (അത് താൽക്കാലികമോ സ്ഥിരമോ ആയാലും) കൈയ്യേറ്റമായി കണക്കാക്കാവുന്നതാണ്.

(iii) സർക്കാർ വക സ്ഥലത്തു നിന്നും തടി, മണ്ണ്, ലോഹം, കളിമണ്ണ്, മണൽ, ചുണ്ണാമ്പുകല്ല്, കക്കത്തോട്, അതുപോലുള്ള മറ്റേതെങ്കിലും മൂല്യമുള്ള വസ്തുക്കൾ മുതലായവ അനധികൃതമായി നീക്കം

ചെയ്യുന്നതായി വില്ലേജാഫീസറിനു മുകളിലത്തെ പദവിയിലുള്ള ഏതെങ്കിലും ഓഫീസർ കണ്ടെത്തുകയാണെങ്കിൽ ആ ഓഫീസർക്ക് അങ്ങനെയുള്ള സാധനങ്ങൾ പിടിച്ചെടുത്ത് ഗവൺമെന്റ് കസ്റ്റഡിയിലേയ്ക്ക് മാറ്റാവുന്നതും കളക്ടറുടെ ഉത്തരവ് അനുസരിച്ച് അതിന് തീർപ്പു കൽപ്പിക്കാവുന്നതുമാണ്. ഇത്തരം സംഗതികളിൽ അങ്ങനെ കണ്ടുകെട്ടിയ വസ്തു സംബന്ധിച്ച് വിശദമായ ഒരു മഹസർ തയ്യാറാക്കേണ്ടതും കഴിയുന്നതും വേഗം ഈ ചട്ടങ്ങളോടൊപ്പം നൽകിയിട്ടുള്ള ഫോറം AA-യിൽ ഒരു സ്റ്റേറ്റ്മെന്റ് അങ്ങനെയുള്ള കണ്ടുകെട്ടൽ റിപ്പോർട്ടിനോടൊപ്പം തഹസിൽദാർക്കോ താലൂക്കിലോ നൽകേണ്ടതാണ്. അങ്ങനെ കണ്ടുകെട്ടിയ വസ്തുക്കൾ സുരക്ഷിത കസ്റ്റഡിയിൽ സൂക്ഷിക്കുകയോ അല്ലെങ്കിൽ സുരക്ഷിത കസ്റ്റഡിയിൽ സൂക്ഷിക്കുന്നതിലേയ്ക്കായി വിശ്വസ്തനായ മൂന്നാം കക്ഷിയെ ഏൽപ്പിക്കുകയും അതിലേയ്ക്കായി രസീത് വാങ്ങേണ്ടതുമാണ്.

**5.** പുറംമ്പോക്കുകളുടെ ഉത്തരവാദിത്വമുള്ള റവന്യൂ വകുപ്പ് ഒഴികെയുള്ള വകുപ്പുകൾ അങ്ങനെയുള്ള ഭൂമികളിലെ എല്ലാ അനധികൃത കയ്യേറ്റങ്ങളും കളക്ടറെ ധരിപ്പിക്കേണ്ടതാണ്. ആ വിവരത്തിന്റെ അടിസ്ഥാന ത്തിൽ കളക്ടർ അങ്ങനെയുള്ള കയ്യേറ്റങ്ങൾ സംബന്ധിച്ച് ഈ ചട്ടങ്ങൾക്ക് അനുബന്ധമായി നൽകിയിട്ടുള്ള ഫോറം A-യിലെ സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്നതിന് വ്യവസ്ഥ ചെയ്യേണ്ടതാണ്.

**6.** 4-ഉം 5-ഉം ചട്ടങ്ങൾ പ്രകാരം ഫോറം A-യിൽ ഒരു റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ അതിൻമേൽ ഈ നിയമപ്രകാരമുള്ള നടപടിയെടുക്കുന്നതിനു മുമ്പ് കളക്ടർ സ്ഥലം പരിശോധിക്കേണ്ടതും കയ്യേറ്റം നടന്നിട്ടുള്ളതായി സ്വയം ബോദ്ധ്യപ്പെടേണ്ടതുമാണ്.

എന്നാൽ കയ്യേറ്റം നടന്നിട്ടുള്ളതായി കളക്ടർ നേരിട്ട് സ്ഥലം സന്ദർശിക്കുന്നതിന്മേൽ ബോദ്ധ്യപ്പെട്ടാൽ ഈ നിയമപ്രകാരം അനധികൃത കയ്യേറ്റം സംബന്ധിച്ച് നടപടിയെടുക്കുന്നതിന് ഫോറം A -യിലുള്ള റിപ്പോർട്ട് നേടിയിരിക്കണമെന്ന് നിർബന്ധമില്ല.

**7.** ഗവൺമെന്റ് ഭൂമികൾ അനധികൃതമായി കൈയ്യേറിയതു സംബന്ധിച്ച കേസുകൾ കൈകാര്യം ചെയ്യുമ്പോൾ ഈ ആക്റ്റിലെ 6, 7, 8, 10, 11 എന്നീ വകുപ്പുകൾ പ്രകാരവും അത്യാവശ്യമെങ്കിൽ വകുപ്പ് 9 പ്രകാരവും പരിഹാരം തേടാവുന്നതാണ്.

*ഒഴിവാക്കൽ.*— എങ്കിൽത്തന്നെയും കൈയ്യേറ്റം നടത്തിയിട്ടുളള ഭൂമി പതിച്ചു നൽകുന്നതിന് ലഭ്യമായിട്ടുള്ള ഒന്നായിരിക്കുകയും അനധികൃത കൈവശക്കാരൻ ഗവൺമെന്റ് ഭൂമികൾ തത്സമയം നിലവിലുള്ള ഗവൺമെന്റ് ഭൂമികൾ പതിച്ചു നൽകുന്നതു സംബന്ധിച്ച നിയമത്തിൻ കീഴിൽ നിർദ്ദിഷ്ട ഭൂമി ലേലം കൂടാതെ തന്നെ പതിച്ചു കിട്ടുന്നതിന് അർഹതയുള്ള വ്യക്തിയായിരിക്കുകയും ചെയ്താൽ ഈ ചട്ടത്തിൽ പരാമർശിച്ചിട്ടുള്ള ആക്റ്റിലെ വ്യവസ്ഥകൾ അനുസരിച്ചുള്ള ഉത്തരവ് പാസ്സാക്കേണ്ടതില്ല. എന്നാൽ ആ ഭൂമി പതിവ് ചെയ്തുവാങ്ങുന്ന തിനോ പാട്ടത്തിനെടുക്കുന്നതിനോ അയാൾ സമ്മതിച്ചിരിക്കുകയും അതിലേയ്ക്കായി ഔപചാരിക അപേക്ഷ സമർപ്പിച്ചിരിക്കുകയും ചെയ്തിരിക്കേണ്ടതാണ്.

*നോട്ട്.*— ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം അനധികൃത കൈയ്യേറ്റക്കാരനെ ഒഴിപ്പിക്കുമ്പോൾ അങ്ങനെയുള്ള ഭൂമിയിൽ അയാൾ നട്ടിട്ടുള്ള വൃക്ഷങ്ങളുടെയോ നടത്തിയിട്ടുള്ള അഭിവൃദ്ധിപ്പെടുത്തലുകളുടെയോ ദേഹണ്ഡങ്ങളുടെയോ നഷ്ടപരിഹാരം ലഭിക്കുന്നതിന് അയാൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

**8.** (a) ഗവൺമെന്റ് ഭൂമിയിലെ അനധികൃത കയ്യേറ്റം നടത്തിയിട്ടുള്ള എല്ലാ സംഗതികളിലും നികുതി ചുമത്തേണ്ടതാണ്.

(b) അനധികൃതമായി കയ്യേറിയ ഭൂമി പുറമ്പോക്ക് ഒഴികെയുള്ള ഏതെങ്കിലും ഗവൺമെന്റ് ഭൂമി ആണെങ്കിൽ ഒരു സെന്റിന് 5 നയാപൈസ എന്ന നിരക്കിലാണ് നികുതി ചുമത്തേണ്ടത്.

(c) അനധികൃതമായി കയ്യേറിയ സ്ഥലം പുറമ്പോക്ക് ആണെങ്കിൽ നികുതി നിർണ്ണയിക്കുന്നത് നിരോധിത സ്വഭാവത്തിലായിരിക്കേണ്ടതും ഖണ്ഡം (b)-യിൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള നികുതിയുടെ ഗുണിതങ്ങളായിരിക്കേണ്ടതുമാണ്. ഇപ്രകാരം ഓരോ സംഗതിയിലും കളക്ടർക്ക് ഗുണിതങ്ങൾ നിർണ്ണയിക്കാവുന്നതും അത് നികുതിയുടെ പത്തിരട്ടിയിൽ അധികമാകാൻ പാടില്ലാത്തതുമാണ്.

(d) അനധികൃത കയ്യേറ്റം നടത്തിയിട്ടുള്ള മുഴുവൻ കാലയളവിലേക്കും നികുതി കുടിശ്ശിക ചുമത്തേണ്ടതാണ്.

*നോട്ട്.—* ഈ ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, 1961-ലെ ഗവൺമെന്റ് ഭൂമികൾ ഏലകൃഷിയ്ക്കായി പാട്ടത്തിനു കൊടുക്കൽ ചട്ടങ്ങൾക്ക് കീഴിൽ ഏലകൃഷി നടത്തുന്ന സ്ഥലങ്ങളിൽ നടത്തിയിട്ടുള്ള പ്രതിഷേധാർഹമായ കയ്യേറ്റങ്ങളുടെ സംഗതിയിൽ ഓരോ വർഷത്തെയും കയ്യേറ്റത്തിന് ഒരേക്കറിന് (40.47 ആർ) ചുമത്തുന്ന നിരോധനകരം ഏക്കറിന് 35 രൂപയിൽ കുറയാൻ പാടില്ല.

**9.** ഈ ആക്റ്റ് പ്രകാരമുള്ള ഒരു ഉത്തരവ് പാസ്സാക്കുന്നതിന് മുമ്പുള്ള കയ്യേറ്റങ്ങളുടെ സംഗതിയിൽ ഒന്നിലധികം പേർ ചേർന്നാണ് കയ്യേറ്റം നടത്തിയിട്ടുള്ളതെങ്കിൽ വകുപ്പ് 12 പ്രകാരം ഓരോ കയ്യേറ്റക്കാരനും പ്രത്യേകം പ്രത്യേകം നോട്ടീസ് നടത്തേണ്ടതാണ്. നോട്ടീസ് ഈ ചട്ടങ്ങളോടനുബന്ധിച്ചുള്ള ഫോറം B-യിലായിരിക്കേണ്ടതാണ്. നോട്ടീസിന്റെ ഒരു പകർപ്പ് അനധികൃത കയ്യേറ്റക്കാരനോ അയാളെ അധികാരപ്പെടുത്തിയ ഏജന്റിനോ അയാളുടെ കുടുംബത്തിലെ പ്രായപൂർത്തിയായ ഒരംഗത്തിനോ നടത്തേണ്ടതും നോട്ടീസ് സ്വീകരിക്കുന്ന വ്യക്തി നോട്ടീസ് കൈപ്പറ്റിയതായി കാണിച്ചുകൊണ്ട് ഒറിജിനൽ നോട്ടീസിൽ ഒപ്പ് വച്ച് എൻഡോഴ്സ് ചെയ്യേണ്ടതാണ്. അങ്ങനെയുള്ള വ്യക്തിയെ കണ്ടെത്താനാകാതിരിക്കുകയോ അയാളുടെ കുടുംബത്തിൽ നോട്ടീസ് നടത്താൻ മറ്റാരും ഇല്ലാതിരിക്കുകയോ നോട്ടീസ് നടത്തുന്ന ഓഫീസർ ആ നോട്ടീസിന്റെ പകർപ്പ് അങ്ങനെയുള്ള വ്യക്തി സാധാരണ താമസിക്കുന്ന വീടിന്റെ പുറം വാതിലിലോ അനധികൃത കയ്യേറ്റം നടത്തിയ സ്ഥലത്തെ പെട്ടെന്ന് കാണപ്പെടുന്ന ഭാഗത്തോ നോട്ടീസിന്റെ പകർപ്പ് പതിക്കേണ്ടതും നോട്ടീസ് പതിച്ച് നടത്തേണ്ടിവന്ന സാഹചര്യം സാക്ഷ്യപ്പെടുത്തികൊണ്ട് സ്ഥലത്തെ ബഹുമാന്യരായ രണ്ട് വ്യക്തികൾ എൻഡോഴ്സ് ചെയ്ത ഒറിജിനൽ മടക്കേണ്ടതുമാണ്.

**10.** കക്ഷി നേരിട്ടോ അല്ലെങ്കിൽ ക്രമപ്രകാരം അധികാരപ്പെടുത്തിയ ഏജന്റു മുഖേനയോ ഹാജരാകുകയാണെങ്കിൽ അങ്ങനെ ഹാജരാകുന്ന വ്യക്തിയുടെ സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തേണ്ടതും അയാൾ നൽകിയിട്ടുള്ള തെളിവുകൾ സ്വീകരിക്കുകയും അയാൾ തെളിവായി നൽകിയിട്ടുള്ള രേഖകൾ തെളിവിൽ രേഖപ്പെടുത്തുകയും അതിൽ തീയതിവച്ച് കളക്ടർ ഒപ്പിടേണ്ടതുമാണ്.

**11.** അന്തിമ ഉത്തരവ് കളക്ടറുടെ കൈപ്പടയിലായിരിക്കേണ്ടതും തീരുമാനത്തിലെത്തി ച്ചേരാനുള്ള കാരണങ്ങൾ അതിലടങ്ങിയിരിക്കേണ്ടതുമാണ്. തീരുമാനം രേഖാമൂലം കക്ഷിയെ അറിയിക്കേണ്ടതും ഇതിനോടൊപ്പം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ഭൂമിയിൽ നിന്നും ഒഴിയുന്നതിനുള്ള ഒരു നോട്ടീസ് ഈ ചട്ടങ്ങൾക്ക് അനുബന്ധമായി കൊടുത്തിട്ടുള്ള ഫോറം C-യിൽ നൽകേണ്ടതുമാണ്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കയ്യേറ്റക്കാരൻ ഭൂമിയിൽ നിന്നും ഒഴിയാത്തപക്ഷം അങ്ങനെ കയ്യേറിയ സ്ഥലത്തു കാണപ്പെടുന്ന എല്ലാ സാധനങ്ങളും സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതാണെന്ന വിവരം ഈ നോട്ടീസിൽ അടങ്ങിയിരിക്കേണ്ടതാണ്.

**12.** മേൽപ്പറഞ്ഞ പ്രകാരമുള്ള ഒരു ഉത്തരവ് നടപ്പിലാക്കുമ്പോൾ ഏതെങ്കിലും നിയമവിരുദ്ധ കയ്യേറ്റക്കാരൻ അനധികൃത കയ്യേറ്റം നീക്കം ചെയ്യുന്നതിനെ തടസ്സപ്പെടുത്തുകയാണെങ്കിൽ അതു സംബന്ധിച്ച് കളക്ടർക്ക് സമ്മറിയായി അന്വേഷണ വിചാരണ നടത്താവുന്നതും ഉപരോധമോ തടസ്സപ്പെടുത്തലോ ഉണ്ടായിട്ടുള്ളതായി ബോദ്ധ്യപ്പെടുന്നപക്ഷം അങ്ങനെയുള്ള വ്യക്തിയെ അറസ്റ്റ് ചെയ്ത് തന്റെ മുമ്പാകെ ഹാജരാക്കുന്നതിലേയ്ക്കായി ഈ ചട്ടങ്ങൾക്ക് അനുബന്ധമായി നൽകിയിട്ടുള്ള ഫോറം D-യിൽ ഒരു വാറണ്ട് പുറപ്പെടുവിക്കാവുന്നതാണ്. അങ്ങനെ ഹാജരാക്കുന്നതിനുമേൽ കളക്ടർ ഈ

ആക്റ്റിലെ 11(2)-ാം ചട്ടപ്രകാരം വീണ്ടും ഒരു സമ്മറി വിചാരണ കൂടി നടത്തേണ്ടതും അത്യാവശ്യമാണെന്ന് കാണുന്നപക്ഷം അയാളെ സിവിൽ ജയിലിൽ അയയ്ക്കേണ്ടതുമാണ്.

**13.** മേൽപ്പറഞ്ഞ പ്രകാരം സിവിൽ ജയിലിലേയ്ക്ക് അയയ്ക്കുന്ന വ്യക്തിയ്ക്ക് 1908-ലെ സിവിൽ നടപടി നിയമത്തിലെ 57-ാംവകുപ്പ് പ്രകാരം ഗവൺമെന്റ് നിർണ്ണയിക്കുന്ന നിരക്കിലുള്ള ഉപജീവനബത്ത നൽകേണ്ടതാണ്. ഇതിലേയ്ക്ക് വരുന്ന ചിലവ് ആദ്യഘട്ടത്തിൽ ഗവൺമെന്റ് വഹിക്കുന്നതും തുടർന്ന് ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഭൂനികുതി കുടിശ്ശിക ഈടാക്കുന്നതുപോലെ അത് ഈടാക്കുന്നതുമാണ്.

**13A**. മേൽപ്പറഞ്ഞ ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും കളക്ടറുടെ അഭിപ്രായത്തിൽ ഏതെങ്കിലും അനധികൃത കയ്യേറ്റം ഒഴിപ്പിക്കേണ്ടത് പൊതു താൽപ്പര്യത്തിന് ഏറ്റവും അത്യാവശ്യമാണെന്ന് തോന്നുന്നപക്ഷം അതിലേയ്ക്കുള്ള കാരണങ്ങൾ രേഖപ്പെടുത്തിയശേഷം നോട്ടീസിൽ പറയുന്ന നിശ്ചിത സമയപരിധിക്കുള്ളിൽ വസ്തുവിൽ നിന്നും ഒഴിയാൻ നിർദ്ദേശിച്ചുകൊണ്ട് കയ്യേറ്റക്കാരന് ഈ ചട്ടങ്ങൾക്ക് അനുബന്ധമായി നൽകിയിട്ടുള്ള ഫോറം CC-യിൽ ഒരു നോട്ടീസ് നടത്തുകയോ നടത്തിക്കുകയോ ചെയ്യേണ്ടതും മേൽപ്പറഞ്ഞ സമയപരിധിക്കുള്ളിൽ അയാൾ ആ വസ്തുവിൽ നിന്ന് ഒഴിഞ്ഞുപോകാത്ത പക്ഷം കളക്ടർ അധികാരപ്പെടുത്തിയ ഏതൊരു ഓഫീസർക്കും ആ ഭൂമിയിൽ പ്രവേശിക്കാവുന്നതും സാഹചര്യങ്ങൾ ആവശ്യപ്പെടുകയാണെങ്കിൽ ന്യായമായ ബലപ്രയോഗത്തിലൂടെ വേണമെങ്കിലും സ്ഥലം കൈവശത്തിലെടുക്കാവുന്നതുമാണ്.

**14.** സർക്കാർ ഉടമസ്ഥതയിലുള്ള ഏതെങ്കിലും ഭൂമിയിൽ നിന്ന് ഖനനപ്രവർത്തനം നടത്തുന്നതിനുള്ള അപേക്ഷ ആ ഭൂമി പുറമ്പോക്കാ യാലും അല്ലെങ്കിലും അതു സ്ഥിതിചെയ്യുന്ന താലൂക്കിലെ തഹസിൽദാർക്കാണ് നൽകേണ്ടത്. അപേക്ഷയിൽ വില്ലേജിന്റെ പേര്, ഭൂമിയുടെ സർവ്വേ നമ്പർ, ആവശ്യമുള്ള പദാർത്ഥത്തിന്റെ ഇനം, ഏകദേശ അളവ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

*ഒഴിവാക്കൽ.*— മുനിസിപ്പൽ കൗൺസിലിലോ കോർപ്പറേഷനുകളിലോ നിക്ഷിപ്തമായിട്ടുള്ളതും അതിന്റെ അങ്ങനെയുള്ള മുനിസിപ്പൽ അല്ലെങ്കിൽ കോർപ്പറേഷൻ പരിധിക്കുള്ളിലുള്ളതുമായ സ്ഥലങ്ങളെയോ നദികളെയോ തുരുത്തുകളെയോ കനാലുകളെയോ കായലുകളെയോ സംബന്ധിച്ച് ആക്ഷേപാർഹമല്ലാത്ത നിസ്സാര കൈയ്യേറ്റങ്ങൾ സംബന്ധിച്ച അനുമതിയും ഖനനം നടത്തിയ പദാർത്ഥങ്ങൾ നീക്കം ചെയ്യാനുള്ള അനുമതിയും ആ പ്രദേശത്ത് തത്സമയം നിലവിലിരിക്കുന്ന മുനിസിപ്പൽ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എക്സിക്യൂട്ടീവ് അധികാരികൾക്ക് നൽകാവുന്നതാണ്.

**15.** തഹസിൽദാർ അപേക്ഷ ലഭിച്ചതിന്മേൽ ആ വസ്തു പരിശോധിച്ച് സർക്കാർ താൽപ്പര്യങ്ങൾക്ക് വിരുദ്ധമാകാത്ത രീതിയിൽ അപേക്ഷ അനുവദിക്കാനാകുമോ എന്ന കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തേണ്ടതാണ്. കൂടാതെ ആവശ്യമെങ്കിൽ പൊതുമരാമത്ത് വകുപ്പുമായി കൂടിയാലോചിച്ച് ആ പദാർത്ഥം ഗവൺമെന്റിന്റെ ഏതെങ്കിലും മരാമത്ത് പണികൾക്ക് ആവശ്യമില്ലാത്തതാണെന്നുള്ള കാര്യം കൂടി സ്വയം ഉറപ്പുവരുത്തേണ്ടതാണ്.

**16.** അപേക്ഷയിൽ പറഞ്ഞിരിക്കുന്ന വസ്തു പൊതുമരാമത്ത് വകുപ്പിന് കീഴിലെ ഏതെങ്കിലും പൊതു റോഡിനോട് ചേർന്നുള്ളതാണെങ്കിൽ ഇത് സംബന്ധിച്ച് പൊതുമരാമത്തുവകുപ്പിലെ സബ്ഡിവിഷൻ ഓഫീസറുടെ അഭിപ്രായത്തിനും റോഡിന്റെ ഏത് പരിധിക്കു പുറത്തുമാത്രം ഖനനപ്രവർത്തനം നടത്താവൂ എന്നുള്ളത് സംബന്ധിച്ച് മാർക്ക് ചെയ്യുന്നതിലേയ്ക്കുമായി അപേക്ഷ ആ ഉദ്യോഗസ്ഥന് അയച്ചു കൊടുക്കേണ്ടതാണ്.

**17.** അപേക്ഷയിന്മേൽ അനുമതി നൽകാവുന്നതാണെന്ന് അന്വേഷണ വിചാരണയിൽ തഹസിൽദാർക്ക് ബോദ്ധ്യമാകുന്നപക്ഷം നിർദ്ദിഷ്ട സീനിയറേജ് ഫീസ് ഈടാക്കിയ ശേഷം യുക്തമെന്ന് തോന്നുന്ന വ്യവസ്ഥകൾ ചുമത്തിയ ശേഷവും ഈ ചട്ടങ്ങൾക്ക് അനുബന്ധമായി നൽകിയിട്ടുള്ള ഫോറം E-യിൽ അനുമതി പത്രം നൽകാവുന്നതാണ്.

**18.** 17-ാം ചട്ടപ്രകാരമുള്ള ഒരു പെർമിറ്റ് നൽകിയിട്ടുള്ളപ്പോൾ, തഹസിൽദാർ പെർമിറ്റിന്റെ ഒരു കോപ്പി വില്ലേജാഫീസർക്ക് അയച്ചു കൊടുക്കേണ്ടതും വില്ലേജ് ഓഫീസർ പെർമിറ്റുടമയ്ക്ക് ഖനനം നടത്തേണ്ടതോ ഏതെങ്കിലും പദാർത്ഥം നീക്കം ചെയ്യേണ്ടതോ ആയ സ്ഥലം കാണിച്ചു കൊടുക്കേണ്ടതുമാണ്. നിർദ്ദിഷ്ട ഖനിയുടെ ഏകദേശസ്ഥാനം, വ്യാപ്തി എന്നിവ കാണിച്ചുകൊണ്ടുള്ള സ്കെച്ച് തയ്യാറാക്കേണ്ടതും അതിൽ പെർമിറ്റ് ഉടമയെകൊണ്ട് ഒപ്പിട്ട് വാങ്ങേണ്ടതുമാണ്.

**19.** 18-ാം ചട്ടപ്രകാരം വില്ലേജാഫീസർ കാണിച്ചുകൊടുക്കുന്ന സ്ഥലത്തു നിന്നും നിർദ്ദിഷ്ട സ്കെച്ചിൽ പറഞ്ഞിട്ടുള്ള അളവുകൾ കർശനമായും പാലിച്ചുകൊണ്ട് പെർമിറ്റ് ഉടമയ്ക്ക് അവിടെ നിന്നും വസ്തുക്കൾ ഖനനം ചെയ്യുകയും അവ നീക്കം ചെയ്യുകയും ചെയ്യാവുന്നതും അനധികൃത ഖനനം നടത്തുന്ന കക്ഷി ഈ ആക്റ്റ് പ്രകാരമുള്ള നടപടിയ്ക്ക് വിധേയനാകുന്നതും കൂടാതെ അനുമതി നൽകിയിട്ടുള്ളതിൽ നിന്നും അധികമായി ഖനനം ചെയ്തിട്ടുള്ള പദാർത്ഥത്തിനും സീനിയറേജ് നൽകുന്നതിന് ബാദ്ധ്യസ്ഥനായിത്തീരുന്നതുമാണ്.

**20.** ഗവൺമെന്റ് വകുപ്പുകളുടെ മരാമത്ത് പണികളിൽ ഏർപ്പെട്ടിട്ടുള്ള കോൺട്രാക്ടർ മാർക്ക് ആ കോൺട്രാക്റ്റിലെ ജോലിയുടെ മൂല്യം കണക്കാക്കുന്ന തീയതിയിൽ ആ വസ്തുവിന്റെ ചെലവ് കണക്കാക്കിയിട്ടില്ലാത്തപക്ഷം അതിലേയ്ക്കുള്ള സീനിയറേജ് ഫീസ് സൗജന്യമായിരിക്കുന്നതാണ്. ഈ ആവശ്യത്തിലേയ്ക്കായി കോൺട്രാക്ടർമാർ ഒരു വകുപ്പിൻകീഴിലെ ഏതു ഗസറ്റഡ് ഓഫീസറിൻ കീഴിലാണ് ജോലി നിർവ്വഹിച്ചത് ആ ഓഫീസറിൽ നിന്നും ഇതു സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

*നോട്ട്.—* അടിയന്തിര ഘട്ടങ്ങളിൽ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിന് അവരുടെ മരാമത്ത് പണികളിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാർക്ക് ബന്ധപ്പെട്ട തഹസിൽദാരുടെ ഔപചാരിക അനുമതി ലഭിക്കുന്നതിന് മുമ്പ് തന്നെ ഖനനപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകേണ്ടത് അതാവശ്യമായിവരുന്നതാണ്. ഇത്തരം സംഗതികളിൽ ടെൻഡറുകൾ സ്വീകരിക്കുന്നതിനോ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനോ ക്ഷമതയുള്ള ഓഫീസർ അനുമതി നൽകി ഏഴ് ദിവസത്തിനുള്ളിൽ താഴെപ്പറയുന്നവ സംബന്ധിച്ച വിവരങ്ങൾ തഹസിൽദാരെ അറിയിക്കേണ്ടതാണ്.

(1) കോൺട്രാക്റ്ററുടെ പേരും മേൽവിലാസവും ഖനനത്തിനനുവദിച്ചിട്ടുള്ള സമയവും

(2) ഖനനം നടത്തുന്ന സ്ഥലത്തിന്റെ സർവ്വേ നമ്പരും ആ സ്ഥലം ഉൾപ്പെട്ട വില്ലേജിന്റെ പേരും

(3) ഖനനത്തിന്റെ സ്വഭാവവും ഖനനം ചെയ്യാൻ ഉദ്ദേശിക്കുന്ന പദാർത്ഥത്തിന്റെ ഏകദേശ അളവും

(4) കോൺട്രാക്ടർമാർക്ക് അനുവദിച്ചിട്ടുള്ള ഖനനഫീസ് നിരക്കിൽ എന്തെങ്കിലും കുറവു വരുത്തിയിട്ടുണ്ടോ. ഇതു സംബന്ധിച്ച ഔപചാരികമായ അപേക്ഷ കോൺട്രാക്ടർമാരിൽ നിന്നും വാങ്ങേണ്ടതും യഥാസമയം തീർപ്പ് കൽപ്പിക്കുന്നതിലേക്കായി തഹസിൽദാർക്ക് അയച്ചുകൊടുക്കേണ്ടതു മാണ്.

**21.** ഉത്തമവിശ്വാസപൂർവ്വമുള്ള കാർഷിക പ്രവർത്തികൾക്കായി കളിമണ്ണോ മണലോ ഖനനം ചെയ്യുകയും നീക്കം ചെയ്യുകയും ചെയ്യുന്നതിനെ ഈ ആക്ടിലെ 6-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പുപ്രകാരം നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം നൽകുന്നതിൽ നിന്നും ഒഴിവാക്കിയിരി ക്കുന്നു.

**22.** ഗവൺമെന്റ് ഭൂമിയിലുള്ള സർവ്വേ അടയാളത്തിന്റെ പത്തടി വ്യാസാർദ്ധത്തിൽ ഖനനപ്രവർത്തനം നടത്തുന്നത് നിരോധിച്ചിരിക്കുന്നു.

**23.** ഖനനപ്രവർത്തനങ്ങളുടെ ഫലമായി ആ ഭൂമിയിലെ ഏതെങ്കിലും സർവ്വേ അടയാളത്തിന് കേടുപാടോ സ്ഥാനമാറ്റമോ സംഭവിച്ചാൽ അതിന് ഉത്തരവാദിയായവരുടെ ചെലവിൽ ആ കേടുപാടു തീർക്കുകയോ പുനഃസ്ഥാപിക്കുകയോ ചെയ്യുന്നതിന് തഹസിൽദാർക്ക് ക്ഷമതയുണ്ടായിരിക്കുന്നതാണ്.

അയാൾ അതിൽ വീഴ്ച വരുത്തുന്നപക്ഷം തഹസിൽദാർ ആ സർവ്വേ ചിഹ്നം യഥാവിധി പുനഃസ്ഥാപിക്കേണ്ടതും അതിനുവേണ്ടി വന്ന ചെലവിനോടൊപ്പം ഒരു രൂപ പിഴ സഹിതം അങ്ങനെയുള്ള വ്യക്തിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

**24.** ഈ ആക്റ്റിന്റെ 6-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ നിർദ്ദിഷ്ടമാക്കിയിട്ടുള്ള നഷ്ടപരിഹാരവും സർവ്വേ ചിഹ്നത്തിന്റെ കേടുപാടുകൾ തീർക്കുന്നതിനും പുനഃസ്ഥാപി ക്കുന്നതിനുമുള്ള ചെലവുകളും പിഴയും ഈ ചട്ടങ്ങൾ പ്രകാരം ചുമത്തിയിട്ടുള്ള മറ്റ് ആനുഷാംഗിക ചെലവുകളും ഭൂനികുതി കുടിശിക ഈടാക്കുന്ന അതേ രീതിയിൽതന്നെ ഈടാക്കുന്നതാണ്.

**25.** ഈ ചട്ടങ്ങൾ പ്രകാരം നൽകുന്ന ഒരു പെർമിറ്റിന് അത് പുറപ്പെടുവിച്ച തീയതി മുതൽ ആറ് മാസം വരെ മാത്രമേ സാധുതയുണ്ടായിരിക്കുകയുള്ളൂ. എന്നാൽ പെർമിറ്റുടമയുടെ അപേക്ഷയിന്മേൽ തഹസിൽദാർക്ക് അങ്ങനെ പുതുക്കി നൽകുന്നതിന് മതിയായ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ ആറ് മാസത്തേക്ക് കൂടി അത് പുതുക്കി നൽകുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്.

**26.** പെർമിറ്റിന്റെ കാലാവധി കഴിഞ്ഞശേഷം വില്ലേജ് ഓഫീസർ ചട്ടം 18 പ്രകാരമുള്ള സ്കെച്ചും പെർമിറ്റിന്റെ ഒരു കോപ്പിയോടൊപ്പം പദാർത്ഥങ്ങൾ നീക്കം ചെയ്തത്, ഈ ചട്ടങ്ങളിലെ 6-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം ഈടാക്കിയ നഷ്ടപരിഹാര തുക എന്നിവ കാണിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം തഹസിൽദാർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

**27.** പെർമിറ്റുടമ പെർമിറ്റ് കാലാവധിയ്ക്കിടയിൽ ഈ നിയമത്തിലെയോ ചട്ടങ്ങളുടെയോ ഏതെങ്കിലും നിയമം ലംഘിക്കുകയാണെങ്കിൽ ആ പെർമിറ്റിന്റെ കാലാവധി തീരുന്നതിന് മുമ്പ് തന്നെ അത് റദ്ദു ചെയ്യുവാൻ തഹസിൽദാർക്ക് ക്ഷമതയുണ്ടായിരിക്കുന്നതാണ്.

**28.** ഈ ചട്ടങ്ങൾ പ്രകാരം പെർമിറ്റ് നൽകുന്നതിനുള്ള അപേക്ഷ കളുടെ ഒരു രജിസ്റ്റർ ഈ ചട്ടങ്ങളോടനുബന്ധമായി നൽകിയിട്ടുള്ള ഫോറത്തിൽ എല്ലാ താലൂക്ക് ഓഫീസിലും വച്ചുപോരേണ്ടതാണ്.

**29.** ഖനനത്തിനെതിരായി ഒരു തഹസിൽദാരോ ഡപ്യൂട്ടി തഹസിൽ ദാരോ പാസ്സാക്കിയിട്ടുള്ള തീരുമാനത്തിനോ ഉത്തരവിനോ എതിരെയുള്ള അപ്പീലുകൾ ആ തീരുമാനമോ ഉത്തരവോ പാസ്സാക്കിയ തീയതി മുതൽ 30 ദിവസത്തിനുള്ളിൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. 30 ദിവസത്തെ കാലാവധി കണക്കാക്കുമ്പോൾ ഉത്തരവോ തീരുമാനമോ പാസ്സാക്കിയ തീയതിയോ അല്ലെങ്കിൽ അത് അയച്ചുകൊടുത്ത തീയതിയോ ഏതാണ് അവസാനം വരുന്നത് അതാണ് കണക്കാക്കേണ്ടത്. ഇതിൽ നിന്നും പകർപ്പ് നൽകുന്നതിന് എടുത്ത സമയം കുറവു ചെയ്യേണ്ടതാണ്. നിർദ്ദിഷ്ടമാക്കിയിട്ടുള്ള 30 ദിവസത്തിനുള്ളിൽ അപ്പീൽവാദിക്ക് അപ്പീൽ സമർപ്പിക്കുന്നതിന് സാധിക്കാതിരുന്നതിന് മതിയായ കാരണമുണ്ടായിരുന്നതായി ബോദ്ധ്യപ്പെടുത്തുന്നപക്ഷം അപ്പീൽ അധികാരകേന്ദ്രത്തിന് നിർദ്ദിഷ്ട സമയപരിധിക്കുശേഷം ലഭിക്കുന്ന അപേക്ഷകളും സ്വീകരിക്കാവുന്നതാണ്.

**30.** അപ്പീലിനാധാരമായ ഉത്തരവിന്റെയോ തീരുമാനത്തിന്റെയോ ഒരു സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപ്പീലിനോടൊപ്പം ഇല്ലാത്തപക്ഷം അങ്ങനെയുള്ള ഏതൊരു അപ്പീലും സ്വീകരിക്കുന്നതല്ല. ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകാതെ യാതൊരാഫീസറും യാതൊരപ്പീലിന്മേലും തീരുമാനമെടുക്കാൻ പാടുള്ളതല്ല.

**31.** ബന്ധപ്പെട്ട കക്ഷികളുടെ അപേക്ഷയിന്മേൽ ജില്ലാ കളക്ടർക്ക് റവന്യൂ ഡിവിഷണൽ ആഫീസർ ഒരപ്പീലിന്മേൽ പാസ്സാക്കിയിട്ടുള്ള ഉത്തരവിൽ ഭേദഗതി വരുത്തുന്നതിന് ക്ഷമതയുണ്ടായിരിക്കുന്നതാണ്. എന്നാൽ അപ്പീലിന്മേൽ തീരുമാനമെടുത്ത തീയതി മുതൽ 30 ദിവസത്തിനുള്ളിൽ റിവിഷൻ ഹർജി ബോധിപ്പിച്ചിരിക്കേണ്ടതാണ്. എന്നാൽ ചട്ടം 31-ലും 32-ലും അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ കളക്ടറുടെ മുമ്പാകെ ബോധിപ്പിക്കുന്ന റിവിഷൻ ഹർജികൾക്കും ബാധകമാണ്.

**32.** ഗവൺമെന്റ് ഉടമസ്ഥതയിലുള്ള പുറംപോക്കോ അല്ലാത്തതോ ആയ ഒരു വസ്തുവിൽ ഏതെങ്കിലും ചുമരോ വേലിയോ കെട്ടിടമോ സ്ഥാപിക്കുന്നതിനോ സ്ഥാപിക്കാനിടയാ ക്കുന്നതിനോ അല്ലെങ്കിൽ ആ വസ്തുവിലോ വസ്തുവിലേയ്ക്കോ തള്ളിനിൽക്കുന്ന ഏതെങ്കിലും എടുപ്പുകളോ പണിപ്പാടുകളോ അത് സ്ഥിരമോ താൽക്കാലികമോ ആയിരുന്നാലും അതിനുള്ള അനുമതിയ്ക്കുള്ള അപേക്ഷ ഈ ചട്ടങ്ങളോടനുബന്ധിച്ചുള്ള ഫോറം നമ്പർ G-യിൽ അങ്ങനെയുള്ള നിർമ്മാണത്തിന്റെ പ്ലാൻ (മൂന്നു പകർപ്പുകൾ) സഹിതം ആ വസ്തു സ്ഥിതിചെയ്യുന്ന താലൂക്കിലെ തഹസിൽദാർക്ക് നൽകേണ്ടതാണ്.

**33.** തഹസിൽദാർ, അപേക്ഷ ലഭിക്കുന്നതിന്മേൽ ആ വസ്തുവിൽ പരിശോധന നടത്തേണ്ടതും പൊതുമരാമത്ത് വകുപ്പുമായി കൂടിയാലോചിച്ച് ഗവൺമെന്റിന്റെ താൽപ്പര്യങ്ങൾക്ക് ദോഷകരമാകാത്ത രീതിയിൽ ആ അപേക്ഷ അനുവദിക്കാമോ എന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതുമാണ്.

**34.** അപേക്ഷ അനുവദിക്കാവുന്നതാണെന്ന് തഹസിൽദാർക്ക് ബോധ്യപ്പെട്ടാൽ നിർദ്ദിഷ്ട ഫീസ് സ്വീകരിച്ച ശേഷവും യുക്തമെന്ന് തോന്നുന്ന വ്യവസ്ഥകൾ ചുമത്തിക്കൊണ്ടും ഈ ചട്ടങ്ങൾക്ക് അനുബന്ധമായി നൽകിയിട്ടുള്ള ഫോറം H-ൽ അപേക്ഷകന് ഒരു പെർമിറ്റ് നൽകാവുന്നതാണ്.

**35.** ഈ ചട്ടങ്ങൾ പ്രകാരം നൽകുന്ന പെർമിറ്റിന് 3 മാസത്തെ സാധുത മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. എന്നാൽ തഹസിൽദാർക്ക് പെർമിറ്റ് ഉടമയിൽ നിന്നും ലഭിക്കുന്ന അപേക്ഷയിന്മേൽ മതിയായ കാരണങ്ങൾ ഉണ്ടെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം അടുത്ത മൂന്നുമാസത്തേയ്ക്കു കൂടി പെർമിറ്റ് പുതുക്കി നൽകുന്നതിന് അധികാരമുണ്ടായിരിക്കുന്നതാണ്. എന്നാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പെർമിറ്റുടമ ജോലി നടപ്പിലാക്കുന്നതിൽ പരാജയപ്പെടുന്നപക്ഷം പെർമിറ്റ് റദ്ദു ചെയ്യുന്നതാണ്. പെർമിറ്റ് കാലാവധിയ്ക്കിടയിൽ പെർമിറ്റുടമ ഈ ആക്റ്റിലെയോ ചട്ടങ്ങളിലെയോ വ്യവസ്ഥകൾ ലംഘിച്ചാൽ അയാളുടെ പെർമിറ്റ് റദ്ദു ചെയ്യുന്നതിന് തഹസിൽദാർക്ക് ക്ഷമതയുണ്ടായിരിക്കുന്നതാണ്.

**36.** ഈ ചട്ടപ്രകാരം പെർമിറ്റുടമയിൽ നിന്ന് ഈടാക്കേണ്ട എല്ലാ കുടിശ്ശികകളും തത്സമയം നിലവിലിരിക്കുന്ന കേരള റവന്യൂ റിക്കവറി ആക്റ്റ് പ്രകാരം ഭൂനികുതി കുടിശ്ശിക ഈടാക്കുന്ന അതേ പ്രകാരം തന്നെ ഈടാക്കാവുന്നതാണ്.

**37.** ഈ ചട്ടങ്ങൾ പ്രകാരം പെർമിറ്റ് നൽകുന്നതിനുള്ള അപേക്ഷകളുടെ ഒരു രജിസ്റ്റർ എല്ലാ താലൂക്ക് ഓഫീസുകളിലും ഈ ചട്ടങ്ങൾക്ക് അനുബന്ധമായി നൽകിയിട്ടുള്ള ഫോറം നമ്പർ 1-ൽ സൂക്ഷിക്കേണ്ടതാണ്.

## FORM A

*[Rule 4]*

Report of unauthorised occupation of land which is poramboke/the Property of Government other than poramboke in the Village of ....................in the Taluk of ........................

1. Survey number of poramboke or the Survey number of property of Govemment other than poramboke with the whole extent.
2. Description of the land, whether unassessed or poramboke, if poramboke, its nature.
3. Extent of encroachment.
4. Name and address of the occupant, state whether he is poor, an ex-service man, a Harijan, etc.
5. No. of holding and the total of wet and dry lands owned by the occupant.
6. How occupied by cultivation or erection of houses etc. If there are trees, their description.
7. Period of occupation.
8. Prohibitory assessment, if any, previously imposed.
9. Village Officer's remarks with the signature and date.
10. Revenue Supervisor's or Revenue Inspector's remarks.
11. Tahsildar's opinion on inspection.
12. Plotted sketch drawn to scale of the encroachment.
13. Detailed Mahazar.

(*Note.*- Items 12 and 13 may be prepared separately).

## FORM AA

*[See Rule 4]*

Report on unauthorised cutting of trees or removal of timber, earth, metal, laterite, sand, lime-shell or such other articles of value from any Government land.

1. Taluk.
2. Village.
3. Survey No. of the Government land involved in this case.
4. Mode and nature of the act, and the date of commission of the act.
5. Name and address of the person or persons who committed the act.
6. Details of the articles removed.
7. Value of the articles removed.

8. Details of the items if any seized, their value and name and address of the person to whom the article has been entrusted for safe custody (if they are kept by the officer himself, state so).

9. Signature and designation of the officer who makes the report.

10. Date of report.

11. Inspecting Officer's remarks.

*Note.-* A mahazar showing the details etc., of the article and a sketch showing the location of the site of action should be prepared separately and enclosed with this form.

## FORM B

*[Rule 9]*

### NOTICE UNDER SECTION 12 OF THE KERALA LAND CONSERVANCY ACT, 1957

To (insert name or names of occupiers) residing ................................Village.............Taluk.

Whereas you are reported to be in unauthorised occupation of the land specified in the schedule below which is a poramboke/the property of Government other than poramboke, you are hereby given notice that if you so desire, you may before..............20......show cause before me, why, proceedings should not be taken and orders passed under the provisions of the said Act.

**SCHEDULE**

| Village. | Sy. No. and sub-division No. | Description of land. | Entire extent. | Occupied extent. | Nature of occupation. |
|---|---|---|---|---|---|
| | | | A.C. | A.C. | |

Place:

Date: (Seal) Collector.

## FORM C

*[Rule 11]*

To

................................ residing in.......................Village.....................Taluk

Whereas you are found to be in unauthorised occupation of the land specified in the schedule below, which is poramboke/the property of Government other than poramboke you are hereby required to vacate the land within ......................days from the date of service of this notice, failing which you will be summarily evicted from the land and any crop or other product raised on the land and any building or other construction erected or anything deposited thereon shall be held liable to forfeiture.

**SCHEDULE**

| Village. | Sy. No. and sub-division No. | Description of land. | Entire extent. | Occupied extent. | Nature of occupation. |
|---|---|---|---|---|---|
| | | | A.C. | A.C. | |

Amount of fine

Amount of assessment

Period for which arrears of assessment is charged

Amount of arrears

Total amount due

Take notice also that the.................Village officer is hereby authorised to carry out the eviction and to take possession of, land retain in proper custody, anything on the land which is liable to forfeiture pending the Collector's order as to its disposal.

## FORM CC

*[Rule 13A]*

To ...............................

Whereas you are found to be in unauthorised occupation of the land described in the Schedule below which is a poramboke/property of Government other than poramboke and whereas I am satisfied that in the public interest, to wit.............(here explain the reason) it is expedient to take urgent action for the removal of such occupation, you are hereby required to vacate the land within.............days from the date of receipt of this notice, failing which you will be summarily evicted from the land by, using force, if necessary and any crop or other product raised on the land, any building or other construction created or anything deposited thereon shall be liable to forfeiture.

**SCHEDULE**

| Village. | Sy. No. and sub-division No. | Description of land. | Entire extent. | Occupied extent. | Nature of occupation. |
|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) |

Amount of fine

Amount of assessment

Period for which arrears for assessment is charged

Amount of arrears

Total amount due

Take notice also that the Village Officer/Deputy Tahsildar................is hereby authorised to carryout the eviction and to take possession of, and retain in proper custody anything in the land which is liable to forfeiture pending my order as to its disposal.

Place: Collector

Date: (Seal)

## FORM D

*[Rule 12]*

## WARRANT OF ARREST IN EXECUTION

To .......................................

Whereas ........................is found guilty ofthe offence of being in unauthorised occupation of.................. acres.......................cents of poramboke/Government land which is the property of Government other than poramboke comprised in S. No............... of..........Village and whereas is reported to have offered resistance to the removal of the aforesaid encroachment, this is to command you to arrest the said .................. and to bring him before the undersigned with all convenient speed. You are further commanded to return this warrant on or before ...........day of..........20........with an endorsement certifying the day on which and the manner in which it has been executed or the reason why it has not been executed.

Given under my hand and the seal of this office, this ......................day of................ 20.......

(Seal)

Date:

Place: Collector.

## FORM E

*[Rule 17]*

No. of permit

Date of issue

Particulars of the article

Nature

C.Ft.

Compensation rate per

Rs. np.

Chalan No.

Particulars of land

Taluk

Village

Survey No.

Date of expiry of permit

Special conditions if any

This permit is issued to....................

Tahsildar.

## FORM F

*[Rule 28]*

## REGISTER OF PERMITS

Serial Number of application

Name and address of applicant

Particulars of land

Village

Survey Number

Nature of article

Name

Quality

Compensation amount realised

Date of issue

Remarks.

## FORM G

*[Rule 32]*

## APPLICATION FOR LICENCE FOR ERECTION OF WALL, FENCE, BUILDING, ETC.

1. Name of applicant and address
2. Taluk, Village and Survey No. of the land where the erection of structure is proposed to be made
3. Extent of land
4. Boundaries
5. Nature of erection proposed to be made
6. Whether temporary or permanent if temporary the duration for which the licence is sought
7. If the land is already occupied the month and the year from which it was occupied
8. Annual income of the applicant (in figures and words)

Place:

Date: Signature of applicant.

(*Note.*- This application should be accompanied by three copies of the plans of the structure proposed to be erected.)

## FORM H

*[Rule 34]*

The land specified in the schedule below is hereby granted to ................(name and address of grantee) for the erection of a wall/Fence/Building or for the putting up of an over hanging structure or projection for permanent/temporary occupation for a period of.............year/months commencing from............(date, month and year) subject to the following conditions to which the grantee has agreed:-

(1) The grantee may erect.......................in accordance with the plants hereby annexed.

(2) The grantee shall not, except as provided in condition (1), erect any building, fence or structure of a permanent or temporary character on the land without the previous written sanction of the assigning authority.

(3) The grantee shall maintain the said land in a clean and sanitary condition to the satisfaction of the assigning authority and shall also maintain the structures, if any, erected thereon as aforesaid in good and Substantial repair to the satisfaction of the assigning authority.

(4) The grantee shall not use the land or cause it to be used except for the purposes of ......................................... which are the following:

(1) .....................................

(2) ......................................

(3) .....................................

(5) The grantee shall not, without the previous written sanction of the assigning authority permit any person to use the land or any structure thereon or any portion of the land on structure except as provided in condition (1).

(6) The grantee shall, on the termination or revocation of this grant restore the said land to the assigning authority in as good a condition as is consistent with the foregoing conditions.

(7) The grantee shall be answerable to the Government for all or any injury or damage done to the said land and other Government property thereon except as is permitted by the foregoing conditions.

(8) The grantee shall not transfer to any other person the rights hereby conveyed to him.

(9) The grant is liable to cancellation if it was grossly inequitable or was made under mistake of fact or owing to misrepresentation or in excess of the limits of authority delegated to the officer granting the land or that there was an irregularity in the procedure. Cancellation on any of these grounds may be ordered by any authority to whom the assigning authority is administratively subordinate.

(10) In the event of such cancellation of the grant the grantee shall not be entitled to compensation for any loss caused to him by such cancellation.

(11) The assigning authority may revoke the grant wholly or in part, if the charge specified in condition (1) or any part thereof shall remain unpaid for fifteen days after it has become payable, whether, formally demanded or not, or if the grantee, shall have violated any of the conditions of the grant herein contained and the assigning authority may assume control or otherwise dispose of all or any part of the land, any building, fence and structure thereon and the grantee shall not be entitled to any compensation therefor.

(12) The grant hereby given may be revoked by the assigning authority after giving sixty days' notice in writing and by the Government or the Board of Revenue without notice for emergent reasons, the Government or the Board of Revenue being the sole judge in this regard and shall also be terminable by the grantee by giving to the assigning authority sixty days' notice in writing but without prejudice to any right of action or remedy of the assigning authority in respect of any antecedent breach of any of the foregoing conditions. The grantee shall not in case of such revocation or termination, be entitled to any compensation in respect of any buildings, fences and structures erected on the land or of any other improvements effected by the grantee to the land but he may, before the revocation or termination of the grant takes effect or if the grant is revoked without notice, within such time as may be allowed by the assigning authority in that behalf remove such buildings, fences and structures.

(13) The grantee shall remove immediately any unauthorised building fence or structure on receiving notice from the assigning authority and in default of immediate compliance with any such notice, the assigning authority shall have power to remove the same and the grantee shall, upon demand made by or on behalf of the assigning authority, pay the cost of removal and the cost of storing the materials removed and take delivery of the same. The grantee shall have no claim to any materials removed under this condition which are not taken delivery of or the cost of the removal and storage of which has not been paid by the grantee on demand made as aforesaid.

(14) The grantee shall pay the fee of Rs.........................so long as the grant be in force, as security for the fulfilment and observance by him of the conditions contained in the grant. The sum so deposited shall be liable to be forfeited to Government under the order of the Collector in the event of failure by the grantee to fulfill or observe any of the conditions of the grant.

(15) If the grantee fails to pay to the Government any sums payable under the grant on the respective rates on which they are made payable, he shall pay interest at 12 percent per annum on such amounts from the date on which they were so payable until the date of payment of recovery.

(16) If the amount specified or any part thereof falls in arrear, it shall also be competent for the assigning authority to recover the same from the grantee as if they are arrears of public revenue due on land under the Kerala Revenue Recovery Act for the time being in force.

(17) In deciding what sum of money is due to the Government, the decision of the Government shall be final and shall be binding on the occupant or the grantee as the case may be.

## SCHEDULE

| District | Taluk | Town | Ward or Village | Survey No. | Area in Hectare | Boundaries<br>North:<br>South:<br>East:<br>West: |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |

In witness whereof I, (name and designation)...........................acting for and on behalf of the Governor of Kerala have hereunto set my hand this................day of................... 20.......

Place:

Date:

Signature and Designation of

Assigning Authority

## DECLARATION

I declare that I shall hold the lease subject to conditions.................given above. I also declare that I shall abide by the rules which are now in force or which may, hereafter be made by the Govemment in regard to the grant.

Signature of the grantee.

## FORM I

*[Rule 37]*

## REGISTER OF PERMITS

1. Sl. No. of application
2. Name and address of applicant
3. Particulars of land
   (a) Village and survey No.
   (b) Boundaries
4. Nature of construction
5. Amount of fee realised
6. Date of issue of permit
7. Remarks